**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4673** **19-03-2025 - ൽ മറുപടിയ്ക്ക്**

**പെരുവണ്ണാമൂഴി ഡാമിന്റെ സംഭരണശേഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ കൃഷിക്കും കുടിവെള്ളത്തിനും വൈദ്യുതി ഉല്പാദനത്തിനും സ്രോതസ്സായ പെരുവണ്ണാമൂഴി ഡാമിന്റെ സംഭരണശേഷി എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | പെരുവണ്ണാമൂഴി ഡാമിന്റെ Full reservoir level 44.41 മീറ്റർ ആണ്. ആയതിന് ആനുപാതികമായ gross storage capacity 120.52 $Mm^3$ ആണ്. ശ്രീ. ബാലകൃഷ്ണൻ, വാഴയിൽ വീട്, മുതുകാട് എന്നവരുടെ വീട്ടിലേക്ക് വെള്ളം കയറിയതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ WP(C)No.35287/2005 കേസിന്മേലുള്ള 16.02.2016 ലെ അന്തിമവിധിയുടെ അടിസ്ഥാനത്തിലാണ് ഡാമിലെ പരമാവധി ജലനിരപ്പ് 42.70 മീറ്റർ വരെ ആയി നിജപ്പെടുത്തിയിട്ടുള്ളത്. 42.70 മീറ്ററിന് മുകളിലായാൽ പ്രസ്തുത കേസിലെ കക്ഷിയുടെ പുരയിടത്തിലേക്ക് വെള്ളം കയറുമെന്നതിനാൽ ബഹു. ഹൈക്കോടതിയുടെ പ്രസ്തുത വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 42.70മീറ്ററിനു മുകളിൽ നിലവിൽ വെള്ളം സംഭരിക്കാറില്ല. |
| (ബി) | ഡാമിന്റെ സംഭരണശേഷി കുറയുന്നത് പ്രസ്തുത ഡാമിനെ ആശ്രയിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികളെ ഭാവിയിൽ ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത ഡാമിൽ അടിഞ്ഞുകൂടുന്ന മണലും ചെളിയും മാറ്റുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ? | (സി) | ധാരാളം മണ്ണും ചെളിയും അടിഞ്ഞുകൂടുന്നതിനാൽ പെരുവണ്ണാമൂഴി ഡാമിന്റെ സംഭരണശേഷിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഡാമിന്റെ സംഭരണശേഷി ഗണ്യമായി കുറയുന്നതു വഴി വർഷാവർഷങ്ങളിൽ നടപ്പിലാക്കി വരുന്ന കുറ്റ്യാടി ജലസേചനപദ്ധതിയുടെ ജലവിതരണത്തെയും ഡാമിനെ ആശ്രയിച്ചു നിലനിൽക്കുന്ന Kerala Water Authority യുടെ വിവിധ പദ്ധതികളെയും സാരമായി ബാധിക്കുന്നതാണ്. കോഴിക്കോട് ജില്ലയിലെ കൃഷിയുടെയും കുടിവെള്ളത്തിന്റെയും മുഖ്യസ്രോതസ്സായ പെരുവണ്ണാമൂഴി ഡാമിന്റെ സംഭരണശേഷി കുറയുന്നത് കോഴിക്കോട് ജില്ലയെ വരൾച്ചയിലേക്ക് നയിക്കാൻ സാധ്യതയുണ്ട്. |

| | | | |
|---|---|---|---|
| | | | പെരുവണ്ണാമൂഴി ഡാമിൽ അടിഞ്ഞുകൂടുന്ന മണലും ചെളിയും മാറ്റുന്നതിന്റെ ഭാഗമായ sand, silt എന്നിവയുടെ sampling analysis - ന വേണ്ടിയുള്ള 27.82 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, തിരുവനന്തപുരത്തിന്റെ കാര്യാലയത്തിൽ പരിശോധിച്ചു വരികയാണ്. 2025 ഫെബ്രുവരി മാസം KERI, PEECHI Bathymetric survey പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്കലും ചെളിയും എടുത്തു മാറ്റുന്ന തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ